# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5632 — 27.10.2011 ൽ മറുപടിയ്ക്ക്

## ബാങ്കിംഗ് നിയന്ത്രണ ഭേദഗതിയും വായ്പാതുകയും

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയുടെ നിക്ഷേപത്തിന്റെ 72 ശതമാനം തുകയാണോ ഇപ്പോൾ വായ്പയായി നൽകിവരുന്നത്;

(എ) ജില്ലാ സഹകരണ ബാങ്കുകളും അർബൻ സഹകരണ ബാങ്കുകളും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ കൂടി പരിധിയിൽ വരുന്നതാകയാൽ നിലവിലുള്ള വ്യവസ്ഥ പ്രകാരം 3% സി.ആർ.ആർ. 25% എസ്.എൽ.ആർ എന്നിവ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത ബാങ്കുകൾക്ക് നിക്ഷേപത്തിന്റെ 72% വരെ വായ്പ നൽകാവുന്നതാണ്. ഇവയ്ക്ക് പുറമേ ബാങ്കുകൾ അവയുടെ ധനസഹായ ബാങ്കുകളിൽ നിന്നും കടം എടുത്തും വായ്പാ വിതരണം നടത്തി വരുന്നു. മേൽ സാഹചര്യത്തിൽ ചില ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 72 ശതമാനത്തിലും അധികരിക്കാറുണ്ട്.

(ബി) എങ്കിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട ബാങ്കിംഗ് നിയന്ത്രണ ഭേദഗതി പ്രാബല്യത്തിൽ വരുന്നതോടെ വായ്പാ തുകയുടെ പരിധി 72 ശതമാനത്തിൽ നിന്ന് 54 ശതമാനമായി കുറയുമെന്ന് കരുതുന്നുണ്ടോ;

(ബി) നിർദ്ദിഷ്ട ബാങ്കിംഗ് നിയന്ത്രണ ഭേദഗതി നിർദ്ദേശ പ്രകാരം സഹകരണ ബാങ്കുകളുടെ സി.ആർ.ആർ., എസ്.എൽ.ആർ റേഷ്യോ വാണിജ്യ ബാങ്കുകൾക്ക് സമാനമാകുന്നതിനാൽ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് സഹകരണ ബാങ്കുകളും സി.ആർ.ആർ., എസ്.എൽ.ആർ. കരുതലുകൾ സൂക്ഷിക്കേണ്ടതായി വരുന്നു. നിയമഭേദഗതി പ്രാബല്യത്തിൽ വരുകയും

സി.ആർ.ആർ നിലവിലുള്ള 3 ശതമാനത്തിൽ നിന്നും 6 ശതമാനം ആകുകയും, എസ്.എൽ.ആർ ഇപ്പോഴുള്ള 25% ൽ നിന്നും റിസർവ് ബാങ്ക് നിർദ്ദേശാനുസരണം പരമാവധി 40% വരെ ആകുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകൾക്ക് നിക്ഷേപത്തിന്റെ 54% വരെ വായ്പ നൽകാൻ കഴിയുകയുള്ളൂ എന്ന സ്ഥിതി സംജാതമാകുകയുള്ളൂ. റിസർവ് ബാങ്ക് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സി.ആർ.ആർ., എസ്.എൽ.ആർ. കരുതലുകളിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ബാങ്കുകൾക്ക് സമാഹരിക്കുന്ന നിക്ഷേപത്തിൽ നിന്നും വായ്പ വിതരണം ചെയ്യാൻ കഴിയുന്ന തുകയിലും വ്യതിയാനം വരുത്തുന്നു. ബാങ്കുകൾക്ക് അവയുടെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കടം എടുത്തും വായ്പാ പ്രവർത്തനം നടത്താവുന്ന സാഹചര്യത്തിൽ നിയമഭേദഗതി പ്രാബല്യത്തിൽ വരുന്നതുകൊണ്ടുമാത്രം വായ്പാ വിതരണം 54 ശതമാനമായി കുറയുമെന്ന് കരുതുന്നില്ല.

(സി) ഇപ്പോൾ ഇതുമൂലം മൊത്തം വായ്പ നൽകുന്ന സംഖ്യയിൽ 6000 കോടി രൂപയുടെ കുറവ് വരുത്തുമെന്ന വാദം ശരിയാണോ; അക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) റിസർവ് ബാങ്ക് കാലാകാലങ്ങളിൽ സി.ആർ.ആർ., എസ്.എൽ.ആർ. കരുതലുകളിൽ വരുത്തുന്ന മാറ്റങ്ങൾക്കനുസരിച്ച് മാത്രമേ ബാങ്കുകൾ അവയുടെ നിക്ഷേപത്തിൽ നിന്നും നൽകുന്ന വായ്പയുടെ തോതിലും വ്യതിയാനം വരുകയുള്ളൂ എന്ന സാഹചര്യത്തിൽ നിയമഭേദഗതി കൊണ്ടു മാത്രം ഇപ്പോൾ 6000 കോടി രൂപയുടെ കുറവ് വായ്പാ വിതരണത്തിൽ വരുമെന്ന വാദം ശരിയാണെന്ന് കരുതാനാവില്ല.

(ഡി) എങ്കിൽ ഇത് മറികടക്കാനും വായ്പ തുകയിൽ വരുന്ന കുറവ് തടയുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(ഡി) സഹകരണ മേഖലയിലെ മിച്ചധനം സഹകരണ മേഖലയിൽ തന്നെ നിലനിർത്തിയും, വായ്പാ പ്രവർത്തനത്തിന് മതിയായ തുക ലഭ്യമല്ലാത്ത

സംഘങ്ങൾ/ബാങ്കുകൾക്ക് അവരുടെ ധനസഹായ ബാങ്കുകളിൽ നിന്നും കടം എടുത്തും വായ്പാ പ്രവർത്തനം നടത്തുന്നതിനും, സഹകരണ മേഖലയിലെ വായ്പാ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവം നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെയും, ആകർഷകമായ പലിശ നിരക്കിൽ പ്രത്യേക നിക്ഷേപ പദ്ധതികൾ ആവിഷ്കരിച്ചും സഹകരണ ബാങ്കുകൾക്ക് വായ്പാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കണ്ടെത്തിയും വായ്പാ വിതരണത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കാനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ